ശ്രീ. സി.എം. സുന്ദരം : ഇപ്പോഴ് സ്ഥലം കിട്ടാത്തതുകൊണ്ടാണ്.

(303-ാം നമ്പർ ചോദ്യം ചോദിച്ചില്ല.)

സ്വാതന്ത്ര്യ സമര സേനാനികളുടെ മെഡിക്കൽ റീഇംപേഴ്സ്മെൻറ് വിതരണം

* 282 (304) ശ്രീ. വി.കെ. രാജൻ :
,, കെ. വി. സുരേന്ദ്രനാഥ് :
,, കെ.പി. പ്രഭാകരൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. പി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാതന്ത്ര്യസമര സേനാനികളുടെ മെഡിക്കൽ റീഇംപേഴ്സ് മെൻറ് വിതരണത്തിൻ സ്തംഭനം ഉണ്ടായതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരത്തിൽ എത്ര അപേക്ഷകൾ വിവിധ ആശുപത്രികളിലായി കെട്ടിക്കിടക്കുന്നുണ്ട് ;

(സി) സ്തംനോവസ്ഥ ഉണ്ടാകുവാനുള്ള പ്രധാന കാരണം എന്താണെന്നു വ്യക്തമാക്കാമോ ;

(ഡി) ഈ പണം അടിയന്തിരമായി കൊടുത്തുതീർക്കുവാനുള്ള നടപടി സ്വീകരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) ആയുർവേദം, അലോപ്പതി എന്നീ വിഭാഗത്തിൽപ്പെട്ട ചികിൽസയുടെ മെഡിക്കൽ റീഇംപേഴ്സ്മെൻറ് വിതരണത്തിൽ. കാലതാമസമുണ്ടാകുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

(ബി) ഹോമിയോ വിഭാഗത്തിലും ആയുർവേദ വിഭാഗത്തിലും, ബില്ലുകളൊന്നും കെട്ടിക്കിടപ്പുള്ളതായി അറിവില്ല. അലോപ്പതിയുടെ വിശദമായ വിവരം എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാരിൽ നിന്നും ശേഖരിച്ചു വരുന്നു.

(സി) ഇതിനുവേണ്ടി ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ള തുക തികയാത്തതുകൊണ്ടാണ് കാലതാമസമുണ്ടാകുന്നത്.

(ഡി) സ്വീകരിച്ചു കഴിഞ്ഞു.

ശ്രീ. വി. കെ. രാജൻ : റീ-ഇംപേഴ്സ്മെൻറ് കൊടുക്കുന്നതിന് നടപടികൾ സ്വീകരിച്ചു കഴിഞ്ഞുവെന്ന് പറഞ്ഞു. ഇപ്പോൾ ബഡ്ജറ്റിൽ പണം തീരുകയും ചെയ്തു. എത്ര ഉറുപ്പിക ഇതിനു വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ട് ? പുതുതായിട്ട് എത്ര ഉറുപ്പിക അനുവദിച്ചിട്ടുണ്ട് ?

ശ്രീ. കെ. കരുണാകരൻ : ചോദ്യത്തിന് ഉത്തരം പറഞ്ഞ കൂട്ടത്തിൽ പണത്തിന്റെ പോരായ്മ കൊണ്ടാണെന്ന്. പറഞ്ഞു. സ്വാതന്ത്ര്യ സമര ടേൻമാരുടേയും മറ്റു പെൻഷൻകാരുടേയും കാര്യത്തിൽ മുൻഗണന കൊടുക്കണമെന്ന ഗവൺമെൻറ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ബില്ലുകൾ കൊടുത്തു തീർക്കുന്നതിനാവശ്യമായ പണം ഡി എച്ച്. എസ്സിനു കൊടുത്തിട്ടുണ്ട്. അതു വിതരണം ചെയ്തു തുടങ്ങിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി.കെ. രാജൻ : സ്വാതന്ത്ര്യസമര ടേൻമാരോട് വലിയ ബഹുമാനം പ്രകടിപ്പിക്കുന്നുണ്ട്. എന്നാൽ ഇതിനാവശ്യമായ സംഖ്യ യഥാസമയം ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കാതിരുന്നതിന് കാരണമെന്താണ് ?

ശ്രീ. കെ. കരുണാകരൻ : ചികിൽസയ്ക്ക് എത്ര രൂപയാണ് വേണ്ടി വരുന്നതെന്ന് കാലേക്കൂട്ടി വിലയിരുത്താൻ സാധിക്കുകയില്ല. മുൻകാലങ്ങളിലെ കണക്കുകൾ വച്ചിട്ടാണ് ബഡ്ജറ്റ് തയ്യാറാക്കുന്നത്. ഈ വർഷം കൂടുതൽ വരികയാണെങ്കിൽ കൂടുതൽ വേണ്ടിവരും. ഏതായാലും ശരി പണമില്ലാത്തതുകൊണ്ട് റീ ഇംബേഴ്സ്മെൻറിന് പണം കൊടുക്കാതിരിക്കുകയില്ല.

ശ്രീ. കെ. പി. പ്രഭാകരൻ : സ്വാതന്ത്ര്യസമര സേനാനികളുടെ മെഡിക്കൽ സഹായം സംബന്ധിച്ച് 1979-ൽ ഗവൺമെൻറ് പുറപ്പെടുവിച്ച ഉത്തരവിൽ എന്തെങ്കിലും ഭേദഗതി പിന്നീട് വരുത്തിയിട്ടുണ്ടോ ?

ശ്രീ. കെ. കരുണാകരൻ : ഇപ്പോഴും ആ നിർദ്ദേശമനുസരിച്ചു തന്നെയാണ് കൊടുത്തു വരുന്നത്. അതിന് പണംകൊടുക്കുന്നതിനെ സംബന്ധിച്ച് നേരത്തെയുണ്ടായിരുന്നത് അഡർ ചാർജ്സ് എന്നു പറഞ്ഞിട്ടാണ്. ഇപ്പോൾ അതിന് പ്രത്യേകം ഹെഡ്ഡുണ്ടാക്കി നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഫൊനാൻസിൽ നിന്ന് ക്ലിയറൻസ് കിട്ടിക്കഴിഞ്ഞാൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. പി. പ്രഭാകരൻ : 8 വർഷമായിട്ടും ഓരോ വർഷത്തിലും തലേ വർഷത്തെ ചെലവു നോക്കിയിട്ടാണ് ബഡ്ജറ്റിൽ തുക വകകൊള്ളിക്കുന്നതെന്നു പറഞ്ഞു. എല്ലാ വർഷവും ഈ പണം കൊടുക്കാൻ കഴിയാതെ വർഷാവസാനത്തിൽ കുടിശിക വരുന്ന സ്ഥിതി തുടരുകയാണ്. മാത്രമല്ല സർവ്വീസിലുള്ള ആളുകൾക്ക് റീ-ഇംബേഴ്സ്മെൻറിനു വേണ്ടി ഫൂർപ്പെടുത്തിയിട്ടുള്ള ഒരു ഫോറം സ്വാതന്ത്ര്യസമര ടേൻമാരും ഫില്ലപ്പ് ചെയ്തു കൊടുക്കണമെന്ന് ഇൻസിസ്റ്റ് ചെയ്തതിൻെറ ഫലമായിട്ട് കഴിഞ്ഞ ഒരു വർഷം വളരെയേറെ കുടിശിക വന്നതായിട്ട് ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ? സ്വാതന്ത്ര്യസമര ടേൻമാരുടെ ഓർഡറിൽ അങ്ങനെ പ്രത്യേകമായിട്ട് വ്യവസ്ഥയില്ല. അതുകൊണ്ടാണ് ഭേദഗതി വരുത്തിയിട്ടുണ്ടോ എന്നു ഞാൻ ചോദിച്ചത്. കഴിഞ്ഞ വർഷത്തിൽ സർവ്വീസിലുള്ളവർക്ക് കൊടുക്കുന്ന ഒരു ഫാറം ഫില്ലപ്പ് ചെയ്തുകൊടുക്കണമെന്ന വ്യവസ്ഥ ഇൻസിസ്റ്റ് ചെയ്തിരുന്നു. അത് ഒഴിവാക്കാൻ തയാറാകുമോ ?

ശ്രീ. കെ. കരുണാകരൻ : അഡർ ചാർജസ് എന്നു പൊതുവായിട്ട് വച്ചതുകൊണ്ട് ഇവർക്ക് പ്രത്യേകമായിട്ട് ഉൾക്കൊള്ളിച്ചിരുന്നില്ല. അതുകൊണ്ട് പ്രത്യേകമായിട്ട് ഹെഡ്ഡുണ്ടെങ്കിൽ മുൻകാലങ്ങളിലെ ചെലവിൻെറ അടിസ്ഥാനത്തിൽ ചെയ്യാൻ സാധിക്കും. അല്ലെങ്കിൽ അഡർ ചാർജസ് വരുന്നത് എല്ലാ വകുപ്പുകൾക്കും കൂടി ഒരുമിച്ചായതുകൊണ്ട് പണം തിട്ടപ്പെടുത്താൻ സാധിക്കുകയില്ല. ഈ ഫോറം ഫില്ലപ്പ് ചെയ്യുന്നതിലുള്ള ന്യൂനതകളെ കുറിച്ച് അവരുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. അതു പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കും.

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : മെഡിക്കൽ റീ-ഇംബേഴ്സ്മെൻറ് സൗകര്യങ്ങൾ സ്വാതന്ത്ര്യസമര സേനാനികൾക്ക് മാത്രമല്ല അവരുടെ ആശ്രിതർക്കും ലഭിക്കുമോ ? ഇല്ലെങ്കിൽ അവരുടെ ആശ്രിതർക്കുകൂടി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കരുണാകരൻ : അതിനാവശ്യമായ നടപടി സ്വീകരിച്ചു വരുന്നു.

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : എല്ലാ മരുന്നുകൾക്കും മെഡിക്കൽ റീ-ഇംബേഴ്സ്മെൻറ് ലഭിക്കുകയില്ല. ആയുർവേദ ചികിൽസയിൽ തിരുമ്മൽ, പിഴിച്ചിൽ, എണ്ണയിടൽ, കുഴമ്പു തേയ്ക്കൽ തുടങ്ങിയ ചികിൽസകളുണ്ട്. ആ ചികിൽസകൾക്കൊന്നും മെഡിക്കൽ റീ-ഇംബേഴ്സ്മെൻറ് ലഭിക്കുന്നില്ല. എല്ലാ മരുന്നുകൾക്കും മെഡിക്കൽ റീ-ഇംബേഴ്സ്മെൻറ് ഇല്ല. ഒരു ലിസ്റ്റ് ഉണ്ടാക്കിയിട്ടുണ്ട്. ആ ലിസ്റ്റിൽ പറയുന്ന മരുന്നുകൾക്കേ മെഡിക്കൽ റീ-ഇംബേഴ്സ്മെൻറ് ലഭ്യമാക്കാറുള്ളൂ. സ്വാതന്ത്ര്യസമര സേനാനികൾക്ക് എല്ലാ മരുന്നുകൾക്കും മെഡിക്കൽ റീ-ഇംബേഴ്സ്മെൻറ് കൊടുക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. കരുണാകരൻ : മറ്റു സർവ്വീസിലുള്ള ആളുകൾക്ക് ചില ഇനം മരുന്നുകൾ ടോണിക്കാണെന്നു പറഞ്ഞ് റീ-ഇംബേഴ്സ്മെൻറ് കൊടുക്കുന്നില്ല. ഒരു ആൻറിബയോട്ടിക് കൊടുക്കുന്നു എന്നു വിചാരിക്കുക. വിറ്റാമിൻ ബി അതിന് അനുപേക്ഷണീയമായ ഘടകമാണ്. ആൻറിബയോട്ടിക്കിന് കാശു കൊടുക്കും. വിറ്റാമിൻ ബി-ക്ക് കൊടുക്കുകയില്ല. അതാണ് ഇപ്പോഴത്തെ വ്യവസ്ഥ. ഈ വ്യവസ്ഥയിൽ മാറ്റം വരുത്തേണ്ടതുണ്ടെങ്കിൽ അതു പരിശോധിക്കാം.

ശ്രീ. പി. കുമാരൻ : അലോപ്പതി ചികിൽസയിലെ ബില്ലുകളെപ്പോലെ ആയുർവേദത്തിന് അത്രതന്നെ പ്രാധാന്യം കൊടുക്കുന്നില്ല. അത്തരം ബില്ലുകൾ റീ-ഇംബേഴ്സ് ചെയ്യുന്നതിന് സർക്കാരിന് താൽപ്പര്യമില്ലാത്ത രീതിയാണ്. ആയുർവേദം ഒരു നിഷ്ഠിദ്ധാവസ്ഥയിലേക്ക് മാറിപ്പോകുന്നു എന്നുള്ള പരാതികൾ ഒഴിവാക്കാൻ ശ്രദ്ധിക്കുമോ ?

ശ്രീ. കെ. കരുണാകരൻ : ആയുർവേദത്തിന് ശരിയായിട്ടുള്ള പ്രാധാന്യം കൊടുക്കുന്നുണ്ട്. വിശേഷിച്ച് അതിൽ വലിയ താൽപ്പര്യമുള്ള ആളാണ് ഇപ്പോൾ അതു കൈകാര്യം ചെയ്യുന്നത്.

സംസ്ഥാനത്തെ പോലീസുകാർക്ക് റിസ്ക് അലവൻസ്

* 283. [305] ശ്രീ. പി. സി. തോമസ് (കടുത്തുരുത്തി) :
,, സി. ടി. കൃഷ്ണൻ :
,, ടി. കെ. അബ്ദു :
,, കെ. പുരുഷോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി ദയവു മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പോലീസുകാർക്ക് റിസ്ക് അലവൻസ് നൽകുന്ന കാര്യം ഗവൺമെൻറിൻറെ പരിഗണനയിൽ ഉണ്ടോ ;

(ബി) ഉണ്ടെങ്കിൽ അത് എന്നു മുതൽ നടപ്പാക്കും ;

(സി) റിസ്ക് അലവൻസ് അനുവദിക്കുമ്പോൾ മിനിമം ഒരാൾക്ക് എത്ര രൂപ കിട്ടും ;

(ഡി) ഇതിനുവേണ്ടി എന്തെങ്കിലും മാനദണ്ഡം അംഗീകരിച്ചിട്ടുണ്ടോ;

(ഇ) റിസ്ക് അലവൻസ് നൽകുന്നതിന് സർക്കാരിന് എത്ര കോടി രൂപ അധികച്ചെലവ് വരുമെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly